**Kerala Prisons & Correctional Services Department**

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471-2342532
ഇമെയിൽ : keralaprisons@gov.in
തീയതി : 25-01-2018

**<u>സർക്കുലർ നം 4</u>**

വിഷയം-സാമൂഹികമാധ്യമങ്ങളിലൂടെയുള്ള അഭിപ്രായപ്രകടനം-കർശന നിർദ്ദേശം നല്കുന്നത് സംബന്ധിച്ച്
സൂചന-31/01/2017 തീയതിയിലെ 78/ഉ.പ.സി 2/2017/ഉഭപവ നമ്പർ സർക്കുലർ

ജയിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സാമൂഹികമാധ്യമങ്ങളിലൂടെ സർക്കാരിനെ അപകീർത്തിപ്പെടുത്തുന്നതും വർഗ്ഗീയ ചുവയുള്ളതുമായ പോസ്റ്റുകൾ ഇടുന്നതായും ഷെയർ ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിനും സർക്കാരിനും പൊതുജനമദ്ധ്യത്തിൽ അവമതിപ്പുണ്ടാക്കുന്ന തരത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന ഇത്തരം നിരുത്തരവാദപരമായ സമീപനങ്ങൾ അംഗീകരിക്കാനാവില്ല. 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60(എ) ലംഘിച്ചുകൊണ്ട് ജയിൽ ജീവനക്കാർ സാമൂഹികമാധ്യമങ്ങളിലൂടെ സർക്കാർ നയങ്ങളെയും നടപടികളെയും കുറിച്ച് സർക്കാരിൻറ മുൻകൂട്ടി അനുമതി വാങ്ങാതെ അഭിപ്രായ പ്രകടനം നടത്തുന്നതായോ സർക്കാർ വിരുദ്ധവും വർഗ്ഗീയ ചുവയുള്ളതുമായ പോസ്റ്റുകൾ ഷെയർ ചെയ്യുന്നതായോ ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്താൽ ടി ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : ഡി.ഐ.ജി(പ്രി)
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

E2-26031/2017/PrHQ    a18d47

എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

E2-26031/2017/PrHQ

a18d47